# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1934 — 22.01.2014 - ലെ മറുപടിക്ക്

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) എല്ലാ വകുപ്പുകളിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള സംവരണ നിരക്ക് ഏകീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) സ്വീകരിച്ചിട്ടുണ്ട്. 03.01.2014 - ലെ സ.ഉ. (പി) 1/2014/ ഉ.ഭ.പ.വ. പ്രകാരം സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടവർക്കും തസ്തികമാറ്റം വഴി യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുവാൻ ഉത്തരവായിട്ടുള്ളതാണ്. |
| (ബി) മുഴുവൻ വകുപ്പുകളിലെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഏകീകൃത ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;<br><br>ഇല്ലെങ്കിൽ ഏകീകൃത ലിസ്റ്റ് തയ്യാറാക്കി വകുപ്പ് വ്യത്യാസമില്ലാതെ നിശ്ചിത ശതമാനം പ്രൊമോഷൻ ഒഴിവുണ്ടാകുന്ന തസ്തികകളിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ? | **(ബി) യും (സി) യും**<br><br>ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടത് അതാതു നിയമനാധികാരികളാണ്. മുഴുവൻ വകുപ്പുകളിലെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഏകീകൃത ലിസ്റ്റ് തയ്യാറാക്കാൻ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ